# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2858 10.12.2014-ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകി വരുന്നത്; വിശദമാക്കുമോ; | (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിച്ചു വരുന്നു.<br>ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, കാൻസർ, പക്ഷാഘാതം, ഹിമോഫിലിയ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000/- രൂപ വരെ അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകുന്നതാണ്.<br>അപേക്ഷകരുടെ വാർഷിക വരുമാന പരിധി 50,000/- രൂപയാണ്. അപേക്ഷകന്റെ ജാതി - വരുമാന സർട്ടിഫിക്കറ്റ്,മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷകൻ |

താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക് /നഗരസഭാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) എത്ര പേർക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) അപേക്ഷകരുടെ ജാതി,വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് അർഹരായ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ച് വരുന്നു. ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 7954 | 454.55 |
| 2012-13 | 9480 | 872.18 |
| 2013-14 | 10164 | 1561.9 |
| 2014-15 (30.09.14 വരെ) | 6326 | 550 |

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും 25,000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

| വർഷം | ധനസഹായം പറ്റിയവരുടെ എണ്ണം | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2006-07 | 3076 | 100.15 |
| 2007-08 | 4621 | 399.13 |

| | | |
|---|---|---|
| 2008-09 | 7911 | 500.00 |
| 2009-10 | 7709 | 550.00 |
| 2010-11 | 7671 | 538.00 |

| ചോദ്യം | | ഉത്തരം |
|---|---|---|
| (ഡി) ഈ തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;<br>(ഇ) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | (ഡി) & (ഇ) | തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20.09.12 ലെ സ.ഉ.(കൈ) നം.128/12/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ചികിത്സാ ധനസഹായതുക 25,000/- രൂപയിൽ നിന്നും 50,000/- രൂപയായും മാരക രോഗങ്ങൾക്കുള്ള ധനസഹായതുക 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ